


ADORE

# അഡോർ പ്രവർത്തന റിപ്പോർട്ട്
# 2022 - 23

# വയലേലകളിൽനിന്നും



AGENCY FOR DEVELOPMENT OF
OPPRESSSED THROUGH RELIEF AND EDUCATION

## പ്രണാമം



ശ്രീ. ഒ. മാത്യു അഡോർ
മുൻ അംഗം



കുമാരി ദിവാനി മഹാനാദിയാ
10-ാം ക്ലാസ് വിജയി



കുമാരി ഹസീന ഗന്ത
10-ാം ക്ലാസ് വിജയി



ക്രിസ്തുമസ് പ്രോഗ്രാം



സ്കൂളിന് മുമ്പ്



ഭക്ഷണത്തിൽ



ബൈബിൾ പഠനം





പ്രാർത്ഥനയിൽ



VBS

# ADORE MISSION
## 2022-2023
## വാർഷികറിപ്പോർട്ട്

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ക്രിസ്തു യേശുവിന്റെ നാമത്തിൽ എല്ലാവർക്കും സ്നേഹവന്ദനം.

അതിജീവനത്തിന്റെയും വീണ്ടെടുപ്പിന്റെയും വർഷമായിരിക്കും വരാൻ പോകുന്നത് എന്ന ശുഭപ്രതിക്ഷ പങ്കുവെച്ചുകൊണ്ടാണ് കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ട് ആരംഭിച്ചത്. ആ പ്രതീക്ഷ ഏറെകുറെ യാഥാർത്ഥ്യമായി എന്ന സന്തോഷം അറിയിച്ചു കൊണ്ട് 2022–23 റിപ്പോർട്ട് ആരംഭിക്കാം. പ്രതിസന്ധികൾ അവസാനിച്ചു എന്നല്ല പറയുന്നത്. റഷ്യ -യുക്രൈൻ യുദ്ധങ്ങൾ വർഷം ഒന്ന് പിന്നിട്ടിട്ടും തുടർന്നുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ ചിലഭാഗങ്ങളിൽ മതന്യൂനപക്ഷങ്ങളും ക്രിസ്ത്യൻ പള്ളികളും ക്രൈസ്തവ സ്ഥാപനങ്ങളും ആക്രമിക്കപ്പെടുന്നു. ദേശീയതകൾ തമ്മിലുള്ള സംഘർഷവും ജാതി-വംശ-ലിംഗ ഭേദങ്ങളുടെ പേരിലുള്ള ചേരിതിരിവും വർദ്ധിച്ചു. തെക്കേ സുഡാൻ, അഫ്ഗാനിസ്ഥാൻ, സിറിയ, ബംഗ്ലാദേശ്, ശ്രീലങ്ക, ഉക്രൈൻ എന്നീ പ്രദേശങ്ങളിൽ നിന്നുള്ള അഭയാർത്ഥി പ്രവാഹം വർദ്ധിച്ചു വരുന്നതോടൊപ്പം ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിൽ നിന്നും യുവതലമുറ വികസിത രാജ്യങ്ങളിലേക്ക് കുടിയേറുന്നതും ഒരു യാഥാർഥ്യമായി നിലനിൽക്കുന്നു. രാഷ്ട്രീയ അരക്ഷിതാവസ്ഥയും സാമ്പത്തിക കെടുകാര്യസ്ഥതയും യുദ്ധങ്ങളും പ്രകൃതി ദുരന്തങ്ങളും സൃഷ്ടിച്ച വിനാശത്തിന്റെ വക്രത്തിൽ നിന്നും രക്ഷപ്പെടാനുള്ള മനുഷ്യരുടെ നെട്ടോട്ടത്തിനു നേർസാക്ഷികളാണ് നാം. ദേശ, രാഷ്ട്ര അതിരുകളെ ഭേദിച്ചുള്ള അതിജീവനത്തിന്റെ പ്രയാണത്തിൽ നീതി ബോധത്തിലുറച്ച വിഭവ വിതരണം സാദ്ധ്യമാകേണ്ട ഒരു ലോകക്രമത്തെ സ്വപ്നം കാണുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ഈ ആഗോള പ്രതിസന്ധിയിലും ഒഡിഷയിലെ ഉൾഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾ അഡോർ കൂട്ടായ്മ തുടർന്നു കൊണ്ടേയിരിക്കുന്നു. അതിനു ലഭിച്ചുകൊണ്ടിരിക്കുന്ന വലിയ ദൈവിക കൃപയ്ക്ക് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഒഡിഷ സംസ്ഥാനത്ത് റായ്ഗഡ ജില്ലയിൽ ജിമിദിപെട്ട എന്ന ഗ്രാമം കേന്ദ്രീകരിച്ചാണ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. ജിമിദിപെട്ടയിൽ 50 പെൺകുട്ടികൾക്കു താമസിക്കാൻ സൗകര്യമുള്ള ഒരു ഹോസ്റ്റൽ നമുക്കുണ്ട്. അവിടെ നിന്നും 2 കിലോമീറ്റർ അകലെ 'ഗുഡം' എന്ന സ്ഥലത്ത് 30 കുട്ടികൾക്ക് താമസിക്കാൻ സൗകര്യമുള്ള ആൺകുട്ടികളുടെ ഒരു ഹോസ്റ്റലും ഉണ്ട്.

ഇത് കൂടാതെ ഗ്രാമങ്ങളെ ശക്തിപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. അമ്പാഗുഡ (Ambaguda) ടെലിസു (Telisu) മെനിയാടംഗ (Meniadanga) എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ഗ്രാമപ്രവർത്തനങ്ങൾ 2022-2023 വർഷങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്.

പ്രസക്തമായ പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തത വരുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ബഹുമതങ്ങളുള്ള സമൂഹമാണ് ഇന്ത്യ. ഈ ബഹുസ്വര ജനാധിപത്യ രാജ്യത്ത് മാമോദിസ നൽകി സഭയോട് ചേർക്കുകയെന്ന ശൈലി ഇന്ന് പ്രസക്തമാണോ എന്ന് ചോദ്യം അവശേഷിക്കുന്നു. ഭാരതത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ഇനിയും പരമ്പരാഗത രീതിയിലുള്ള പ്രവർത്തനത്തിന് സാദ്ധ്യതയില്ല എന്ന് എല്ലാവരും തിരിച്ചറിയണം. "ഒരുവനെ നിങ്ങളുടെ മതത്തിൽ ചേർക്കാൻ നിങ്ങൾ കടലും കരയും ചുറ്റി സഞ്ചരിക്കുന്നു. ചേർന്നു കഴിയുമ്പോൾ നിങ്ങൾ അവനെ നിങ്ങളുടെ ഇരട്ടി നരകസന്തതിയാക്കിത്തീർക്കുന്നു." യേശുവിന്റെ ഈ വചനം നമ്മുടെ സുവിശേഷവേലയുടെ രീതിയെകുറിച്ചുള്ള സൂചനയാണ്.

"നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം

തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു" (I പത്രോസ് 2:9). ഈ അത്ഭുത പ്രകാശം ലഭിച്ചവരായ നമ്മൾ ലോകത്തിന്റെ വെളിച്ചമായി ഭൂമിക്ക് ഉപ്പുമായി പിണ്ഡത്തെ ആസകലം പുളിപ്പിക്കുന്ന പുളിമാവു മായി തീരേണ്ടതായുണ്ട്. ഒരു സ്നേഹരാജ്യം (ദൈവരാജ്യം) രൂപപ്പെടു ത്തേണ്ടത് എങ്ങനെ എന്ന് നസറേത്തു പ്രഖ്യാപനത്തിൽ (ലൂക്കോസ് 4:18, 19) ദൃശ്യമാകുന്നുണ്ട്. ഇത് ആയിരിക്കണം നമ്മുടെ പ്രേഷിത ദൗത്യം.

അഡോർ (Agency for Development of Oppressed through Relif and Education) ഈ ദൗത്യം മനസിലാക്കിയാണ് പ്രവർത്തിക്കുന്നത്. തെറ്റായ ജീവിതശൈലിയിൽ നിന്നുമുള്ള മാനസാന്തരവും ജീവിതത്തിന്റെ എല്ലാ മേഖലകളിലും സന്തുലിതമായ വളർച്ചയും പൂർണ്ണ മനുഷ്യത്വത്തിലേ ക്കുള്ള യാത്രയുമാണത്. അതുകൊണ്ടു തന്നെയാണ് വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി ഹോസ്റ്റൽ തുടങ്ങിയതും ഗ്രാമ ശാക്തീകരണ പരിപാ ടികൾ രൂപകല്പന ചെയ്യുന്നതും. ഈ ദൗത്യം ഓരോ ദേശത്തിന്റെ സംസ്കാരവും പൈതൃകവും നഷ്ടപ്പെടുത്താതെ പങ്കാളിത്ത രീതിയിൽ മുന്നോട്ട് കൊണ്ടുപോകണം. അവരുടെ പരിമിതമായ വിഭവങ്ങളിലും ജീവിതം കരുത്ത് ആർജിക്കുവാൻ, നമ്മൾ അവരുടെ ഒരാളായി തീർന്ന് സുഗമമാക്കുക എന്നതാണ് അഡോറിന്റെ പ്രവർത്തന രീതി. അഡോ റിന് ഈ പ്രവർത്തന ശൈലി വെട്ടിതെളിച്ച അമരക്കാരനായിരുന്നു അഡ്വ. പി.എ. സൈറസ്. ഈ റിപ്പോർട്ട് വർഷം അദ്ദേഹം തന്റെ അരുമനാഥന്റെ അടുക്കലേക്ക് ചേർക്കപ്പെട്ടു. അദ്ദേഹത്തിന്റെ സ്മരണകൾക്ക് മുമ്പിൽ പ്രണാമങ്ങൾ അർപ്പിച്ചു കൊണ്ട് ഈ റിപ്പോർട്ട് പൊതുസമക്ഷം സമർപ്പി ക്കുന്നു.

**അഡ്വ. പി.എ. സൈറസ്**

അഡോർ എന്ന മിഷനറി പ്രസ്ഥാനത്തിന്റെ സ്ഥാപക-അംഗം എന്ന തിൽ ഉപരി ദീർഘകാലം ഈ പ്രസ്ഥാനത്തിന്റെ ഏറ്റവും പ്രധാന

മിഷനറിയും കൂടിയായിരുന്നു 'സൈറസ് സാർ' എന്ന് വിളിക്കുന്ന അഡ്വ. പി.എ. സൈറസ്. ഈ പ്രസ്ഥാനത്തിന്റെ ആരംഭം കുറിയ്ക്കാൻ ഇടയാക്കിയത് കുളക്കടയിലെ Full Night Prayer Fellowship ഉം Second Saturday Fellowship ഉം ആയിരുന്നു. ഇത്തരം കൂട്ടയ്മകളുടെ ഫലമായി മിഷൻ പ്രവർത്തനങ്ങളിലേക്ക് നയിക്കപ്പെടുകയായിരുന്നു. പരമ്പരാഗതമായ ആത്മീയ കൂട്ടായ്മകൾ മിഷ്യൻ കേന്ദ്രീകൃതമായി മുന്നേറുന്നതിൽ അഡ്വ. പി.എ. സൈറസ്, എസ്.കെ. എബ്രഹാം, പ്രൊഫ. എ.വി. ഇട്ടി, ഡോ. കോശി ജോർജ്ജ് തുടങ്ങിയവർ മുൻനിരയിൽ തന്നെ ആയിരുന്നു. ഇത് 1984 ൽ ഏപ്രിൽ മാസം നാലാം തീയതി ക്രമ നമ്പർ Q 181/84, തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് 1955 അനുസരിച്ച് അഡോർ എന്ന മിഷനറി പ്രസ്ഥാനം രജിസ്റ്റർ ചെയ്യപ്പെട്ടു.

സുവിശേഷത്തിന്റെ വിമോചന മൂല്യം ഉൾക്കൊണ്ടുകൊണ്ട് സൈറസ് സാർ കേരളത്തിന്റെ അവികസിത മേഖലകളിലായിരുന്നു സുവിശേഷ പ്രവർത്തനത്തിനായ് ആദ്യകാലത്ത് തെരഞ്ഞെടുത്തത്. എറണാകുളത്തെ കുഷ്ഠരോഗികളുടെ കോളനിയും, ഇടുക്കി ജില്ലയിലെ വട്ടവട, കണ്ണംമ്പള്ളി, താളു കണ്ടം തുടങ്ങിയ സ്ഥലങ്ങൾ പ്രവർത്തന മേഖലകളായിരുന്നു. കൂട്ടായ്മകളിൽ ഉണ്ടായ പഠനങ്ങളും, പ്രാർത്ഥനകളും, ചർച്ചകളും ബന്ധിതരും, പീഢിതരുമായ ജനതകളുടെ മോചനമാണ് യഥാർത്ഥ സുവിശേഷ ദൗത്യമെന്ന തിരിച്ചറിവിലാണ് അഡ്വ. പി.എ. സൈറസും ശ്രീ. എസ്.കെ. എബ്രഹാമും അന്നത്തെ മദ്ധ്യപ്രദേശിലെ (പിന്നീട് ഛത്തീസ്ഘട്ട്), റായ്പ്പൂറിന് സമീപമുള്ള പ്രദേശങ്ങളിലേക്ക് പ്രവർത്തന മേഖല വ്യാപിപ്പിക്കുന്നത്. പാവപ്പെട്ട മനുഷ്യരെ ചൂഷണം ചെയ്യുന്ന ജന്മിമാർക്ക് എതിരെയുള്ള പോരാട്ടങ്ങൾ സമരവും, നിയമ യുദ്ധവുമായി പുരോഗമിച്ചു. ധാരാളം യുവജനങ്ങൾ അവരോടൊപ്പം ചേരുകയും, മിഷ്യൻ പ്രവർത്തനങ്ങൾ ഏറെ പുരോഗമിക്കുകയും ചെയ്തു. കേരളത്തിലെ സഭകൾക്കുള്ളിൽ, റായ്പ്പൂർ മേഖലയിലെ പോരാട്ട വാർത്തകൾ ഏറെ ചലനം സൃഷ്ടിക്കുകയും ചെയ്തു.

കേരളത്തിലെ ഇടക്കിടെയുള്ള സന്ദർശന വേളകൾ വിമോചനാത്മകമായ സുവിശേഷ ഘോഷണത്തിന് സൈറസ് സാർ ഉപയോഗിച്ചു. അതിലെ തീഷ്ണമായ വിമർശനങ്ങൾ ചാട്ടുളി പോലെ പല ഹൃദയങ്ങളേയും കീറി മുറിച്ചു. പാരമ്പര്യത്തിന്റേയും, പഴമയുടേയും ഉപാസകരായി ആചാരാനുഷ്ഠാനങ്ങളിൽ മുഴുകി കിടന്ന സഭകളോട്, ഉറക്കമുണർന്ന്, ഭാരത ഗ്രാമങ്ങളിലേക്ക് സുവിശേഷ ദൗത്യവുമായ് കടന്നു പോകുവാൻ ആഹ്വാനം ചെയ്തു. എന്നാൽ സഭയിൽ അദ്ദേഹത്തിന്റെ വിമർശനങ്ങൾ ഏറെ ചലനങ്ങൾ സൃഷ്ടിച്ചു എന്നതാണ് വാസ്തവം.

റായ്പ്പൂരിലെ പ്രവർത്തനമേഖല ക്രമേണ ഒറീസ്സയിലേക്ക് മാറുകയും വികസനോത്മകമായ വിദ്യാഭ്യാസത്തിന് മുൻതൂക്കം നൽകി, ആദിവാസി കുട്ടികൾക്കായുള്ള ഹോസ്റ്റലുകൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. അനേകം പ്രസ്ഥാനങ്ങൾ അഡോറിനോടൊപ്പം അവിടെ ഹോസ്റ്റലുകൾ ആരംഭിക്കുകയുണ്ടായി. അഡോർ അവിടെ ആരംഭിച്ച Commune പ്രസ്ഥാനം തകർന്നു പോയെങ്കിലും ഒറീസ്സയിലെ ഗ്രാമീണ മേഖലകളിൽ കൂടുതൽ മിഷൻ പ്രവർത്തനങ്ങളും ഹോസ്റ്റലുകളും തുടങ്ങുവാൻ ഇടയാക്കി. ഇടക്കാലത്ത് ചില അഭിപ്രായ വ്യത്യാസം മൂലം സൈറസ് സർ അഡോർ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടു നിന്നുവെങ്കിലും അഡോർ പ്രസ്ഥാനം എക്കാലവും സാറിന്റെ പിന്നാലെ തന്നെ ഉണ്ടായിരുന്നു. 2014 ൽ സൈറസ് സാറിന് ഉണ്ടായ ശാരീരിക അവശത മൂലം ശയ്യാവലംബി ആകുന്നതു വരെ മിഷ്യൻ പ്രവർത്തനങ്ങളിലും, യാത്രകളിലും, പ്രസംഗങ്ങളിലും സജീവമായി നിലകൊണ്ടു. ഭാരതത്തിലെ നൂറു നൂറായിരം ഗ്രാമങ്ങളിൽ, ഇടംകൈ വലംകൈ തിരിച്ചറിയാൻ വയ്യാത്ത ജനങ്ങളെപ്പറ്റി ഉള്ള എരിവിൽ ആണ്, ആ ജീവിതം മുന്നേറിയത്. 2022 സെപ്റ്റംബർ 21 ബുധനാഴ്ച ആ ജീവിതത്തെ മരണം പുൽകി. സെപ്റ്റംബർ 24 ന് പാറ്റൂർ മാർത്തോമ്മാ സെമിത്തേരിയിൽ സംസ്കാരം നടന്നു. മണൽത്തരികൾ ആജീവിതത്തെ ഏറ്റുവാങ്ങി പഞ്ചഭൂതങ്ങളിൽ ലയിപ്പിച്ചപ്പോൾ ഒരു യുഗപുരുഷന്റെ ജീവിതാവസാനമായിരുന്നു അത്.

സൈറസ് സാർ ഉയർത്തി വിട്ട ചിന്തകളും ദൗത്യാന്വേഷണങ്ങളും സഭകളേയും പ്രസ്ഥാനങ്ങളേയും അഡോറിനേയും എന്നും നയിക്കുമെന്നതിൽ സംശയമില്ല. ആ ജീവിതത്തിന്റെ മുമ്പിൽ പ്രണാമങ്ങൾ അർപ്പിക്കുന്നു.

**ശ്രീ. ഒ. മാത്യു, കൊട്ടാരക്കര**

അഡോർ സംഘത്തിന്റെ ഭാഗമായിരുന്ന കൊട്ടരക്കരയിലെ ശ്രീ. ഒ. മാത്യു നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. 2022 സെപ്റ്റംബർ 28 നായിരുന്നു അന്ത്യം. അഡോർ രൂപീകരണത്തിന് ഏറെ സ്വാധീനം ചെലുത്തിയ Second Saturday Fellowship ലൂടെയാണ് ശ്രീ. മാത്യൂ കൂട്ടായ്മയുടെ ഭാഗമായത്. അഡോർ സ്ഥാപക പ്രസിഡന്റ് പരേതനായ ഫിലിപ്പ് സർ നേതൃത്വം നൽകി വന്ന, ജൂബിലി മന്ദിരത്തിൽ നടന്നിരുന്ന ബുധനാഴ്ച evening prayer ൽ സജീവമായിരുന്നു. കേവലം ഒരു സാധാരണ കൃഷ്ക്കാരനായിരുന്ന ശ്രീ. മാത്യു കഷ്ടപ്പാടുകളുടെ ഇടയിൽ, സുവിശേഷത്തേയും ഏറെ സ്നേഹിച്ചു. അദ്ദേഹത്തിന്റെ വേർപാട് അഡോറിന് ഒരു നഷ്ടമാണ്. ആ ദുഃഖത്തിൽ ഞങ്ങൾ പങ്ക് ചേരുന്നു.

**2022-23 ലെ ഭരണസമിതി**

28.07.2022 ൽ കൂടിയ പൊതുയോഗത്തിൽ താഴെ പറയുന്നവരെ 2022-23 ഭരണസമിതിയിലേക്ക് തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രൊഫ. എ.വി. ഇട്ടി | - | പ്രസിഡന്റ് |
| ശ്രീ ജേക്കബ് ഈശോ | - | സെക്രട്ടറി |
| ശ്രീ. കോരുത് സാമുവൽ | - | ട്രഷറർ |
| ഡോ. കോശിജോർജ്ജ് | - | അംഗം |
| ശ്രീ. കെ.ജെ. ജോൺ | - | അംഗം |
| ശ്രീ. പി.ഒ. സണ്ണി | - | അംഗം |
| ശ്രീമതി ജയിനമ്മ എബ്രഹാം | - | അംഗം |

ഈ വർഷം നാലുതവണ ഈ ഭരണസമിതി കൂടിയിട്ടുണ്ട്. കൂടാതെ

അഡോറിന്റെ വിവിധ കൂട്ടായ്മ സംഗമവും കൂടുകയുണ്ടായി. ഈ മീറ്റിംഗുകളെല്ലാം ഒന്ന് ഒഴികെ ഓൺലൈനായിട്ടാണ് കൂടിയത്.

**അഡോർ ഓഫീസ്**

കൊല്ലം കരിക്കോട് പ്രൊഫ. ആന്റണി ബെന്നിന്റെ ഒരു കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലാണ് അഡോറിന്റെ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ ഓഫീസ് സൗകര്യം അദ്ദേഹം അഡോറിന് സൗജന്യമായി നൽകുന്നുവെന്നത് നന്ദിയോടെ സ്മരിക്കുന്നു.

**അഡോർ വെബ്സൈറ്റ്**

ഇപ്പോൾ www.adoremission.org, www.adoremission.in എന്നീ വെബ്സൈറ്റുകൾ പ്രവർത്തനത്തിലാണ്.

**അഡോർ ഹോസ്റ്റലുകൾ**

നമുക്ക് രണ്ട് ഹോസ്റ്റലുകളാണ് ഉള്ളത്. റായ്ഗഡ ജില്ലയിൽ ജിമിദിപെട്ടയിൽ പെൺകുട്ടികൾക്കുള്ള എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ (ഗേൾസ്)ഹോസ്റ്റലും, ഇവിടെ നിന്നും 2 കിലോമീറ്റർ അകലെ ജിമിദിപെട്ട റെയിൽവേ സ്റ്റേഷനു സമീപം പ്രവർത്തിക്കുന്ന അഡോർ ബോയ്സ് ഹോസ്റ്റലുമാണ്. രണ്ടു ഹോസ്റ്റലുകളുടെയും കുട്ടികൾ എല്ലാവരും ആദിവാസി, ദളിത് സമൂഹങ്ങളിൽപ്പെട്ടവരാണ്. ഒഡിഷയിലെ അഡോറിന്റെ എല്ലാ സുവിശേഷ പ്രവർത്തനത്തിന്റെയും ചുമതല ഇപ്പോൾ ശ്രീ. പി.സി. ജോൺ നിർവഹിക്കുന്നു.

**ഹോസ്റ്റലുകളുടെ പ്രവർത്തനരീതി**

രണ്ടു ഹോസ്റ്റലുകളുടെയും പ്രവർത്തനം ഒരേ രീതിയിലാണ്. കുട്ടികൾ രാവിലെ 5 മണിക്ക് ഉണരുന്നു. പ്രാർത്ഥനയ്ക്ക് ശേഷം 6.30 വരെ ദിനചര്യകൾ. 6.30 മുതൽ 8.30 വരെ പഠന സമയം. 8.30 മുതൽ 9.15 വരെ സ്കൂളിലേക്ക് പോകാനുള്ള ഒരുക്കം. 9.15 ന് പ്രഭാതഭക്ഷണം. 9.50ന് കുട്ടികൾ ഒരുമിച്ച് കൂടി പ്രാർത്ഥിച്ചതിനുശേഷം സ്കൂളിലേക്കു പോകുന്നു. ഉച്ച ഭക്ഷണത്തിനായി 1 മണിക്ക് എല്ലാ കുട്ടികളും പെൺകുട്ടികളുടെ ഹോസ്റ്റലിൽ

വന്ന് ഭക്ഷണം കഴിച്ചിട്ട് സ്കൂളിലേക്ക് മടങ്ങുന്നു. 4 മണിക്ക് യഥാക്രമം ഹോസ്റ്റലിൽ തിരിച്ചെത്തുമ്പോൾ ലഘു ഭക്ഷണം നൽകുന്നു. തുടർന്ന് കളി, കൃഷി കാര്യങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു. 6 മണിക്ക് സന്ധ്യാ പ്രാർത്ഥന ആരംഭിക്കുന്നു. ഒരാൾ പ്രാർത്ഥിച്ചതിനുശേഷം എല്ലാവരും ചേർന്ന് പാട്ടുകൾ പാടിയതിനുശേഷം 30 മിനിറ്റ് ബൈബിൾ പഠനം. 7 മണി മുതൽ 8.15 വരെ പഠിക്കുവാനുള്ള സമയം. 8.15 മുതൽ 9 മണി വരെ അത്താഴം. 9 മണി മുതൽ 10 വരെ വീണ്ടും പഠനം. 10 മണിക്ക് പ്രാർത്ഥന കഴിഞ്ഞ് ഉറങ്ങാനുള്ള സമയം. ആവശ്യമുള്ളവർക്ക് പഠനം തുടരുകയും ചെയ്യാം.

**സ്കൂൾ**

ഹോസ്റ്റലിനോട് അടുത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. അദ്ധ്യാപകരുമായി ഹോസ്റ്റലിലുള്ളവർ നല്ല സമ്പർക്കത്തിലാണ്. കുട്ടികളുടെ പഠനത്തെക്കുറിച്ചും മറ്റും ഹോസ്റ്റൽ വാർഡന്മാർ സ്കൂളിൽ പോയി അന്വേഷിക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ ഹോസ്റ്റലിലെ കുട്ടികൾ സ്കൂളിൽ മികച്ച നിലവാരം പുലർത്തുന്നു. പഠനത്തിലും കലാകായിക വിജ്ഞാന രംഗങ്ങളിലും മത്സരിച്ചു വിജയിച്ചു സമ്മാനങ്ങൾ കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**സണ്ടേസ്കൂളും ആരാധനയും**

ഞായറാഴ്ചകളിൽ രാവിലെ പ്രാതൽ കഴിച്ചതിനുശേഷം 8.30 മുതൽ 10.00 മണി വരെ സണ്ടേസ്കൂൾ പഠനവും അതിനുശേഷം 1.00 മണി വരെയും ആരാധന ഉണ്ട്.

എല്ലാ വെള്ളിയാഴ്ചകളിലും വൈകിട്ട് മദ്ധ്യസ്ഥ പ്രാർത്ഥന. 5, 6 പേർ വീതമുള്ള പലഗ്രൂപ്പുകളായി പ്രാർത്ഥന നടത്തുന്നു. ഒന്നിടവിട്ടുള്ള ശനിയാഴ്ചകളിൽ Youth Movement, Cultural Programme എന്നിവ നടത്തിവരുന്നു.

**ടി.വി. പ്രോഗ്രാം**

ദിവസവും രാവിലെ ഒറിയ ന്യൂസ് കുട്ടികളെ കാണിക്കുന്നു. കൂടാതെ എല്ലാ ശനിയാഴ്ചകളിലും റ്റി.വി യിലൂടെ സിനിമ കാണാനുള്ള അവസരവും നൽകുന്നു.

**ഹോസ്റ്റലിലെ ആഹാരക്രമം**

ഞായറാഴ്ച രാവിലെ ചപ്പാത്തിയും കടലക്കറിയും. ഉച്ചയ്ക്ക് ചോറ്, സബ്ജി, ഡാൽ. 4.00 മണിക്ക് ലഘുഭക്ഷണം. രാത്രി ചോറ്, മുട്ടക്കറി, സബ്ജി. മറ്റു ദിവസങ്ങളിൽ പ്രാതൽ ഉപ്പുമാവ്, ചൂടാ (ഒറിയൻ ഭക്ഷണം) എന്നിവ മാറി മാറി കൊടുക്കുന്നു. മാസത്തിൽ 2 ദിവസം ചിക്കനും 2 ദിവസം മത്സ്യവും കൊടുക്കുന്നു. വിശേഷദിവസങ്ങളിൽ കൂടുതൽ വിഭവങ്ങളോടുകൂടി സ്പെഷ്യൽ ഫുഡ് നൽകുന്നുണ്ട്.

**10-ാം ക്ലാസ്സ്**

ഈ വർഷം 10-ാം ക്ലാസ്സിലെ രണ്ട് പെൺകുട്ടികൾ പഠനം പൂർത്തീകരിച്ചു. ദിബാനി മഹിന്തി 333 മാർക്കും ചിഡിനാ ഘണ്ട 309 മാർക്കും വാങ്ങിയാണ് പാസ്സായത്. ഇവരെ അഡോർ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.

**ഗ്രാമ സന്ദർശനങ്ങൾ**

നമ്മുടെ സ്റ്റാഫ് അംഗങ്ങൾ ഹോസ്റ്റൽ അംഗങ്ങളുടെ ഗ്രാമങ്ങൾ സന്ദർശിച്ച് സ്നേഹാന്വേഷണങ്ങൾ നടത്തുകയുണ്ടായി. ഈ വർഷം ടംക്കും, ടാബണിഗട, ബോടസിഗുരു, ഇരുക്കുമ്പടി, മിർച്ചിപാട്, മിരാവല്ലി, ബെടാലുകുടി, സന്നാലുക്കുടി, തമ്പലബായി എന്നീ ഗ്രാമങ്ങൾ സന്ദർശിച്ച് കുട്ടികളുടെ മാതാപിതാക്കളുമായി കുശലാന്വേഷണം നടത്തി.

**എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ ഹോസ്റ്റൽ**

ജിമിഡിപെട്ടയിലെ എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ ഗേൾസ് ഹോസ്റ്റലിൽ ആദിവാസി ദളിത് സമൂഹങ്ങളിൽപ്പെട്ട 48 പെൺകുട്ടികൾ താമസിക്കുന്നു. ഈ വർഷം പുതിയതായി 10 കുട്ടികൾ

ചേർന്നു. 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളാണ് ഉള്ളത്. അടുത്തുള്ള ജിമിദിപെട്ട കലിംഗാ ഹൈസ്കൂളിലാണ് ഇവർ പഠിക്കുന്നത്. ഈ ഹോസ്റ്റലിന്റെ വാർഡനായി ശ്രീമതി ജോളി ജോൺ പ്രവർത്തിക്കുന്നു.

**അഡോർ ബോയ്സ് ഹോസ്റ്റൽ**

ജിമിദിപ്പെട്ടയിൽ നിന്നും 2 കിലോമീറ്റർ അകലെ 'ഗുഡം' എന്ന ഗ്രാമത്തിലാണ് ഈ ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. അഡോർ ഹോസ്റ്റ ലിലെ പൂർവ്വ വിദ്യാർത്ഥി ശ്രീ. ടി.ഗാഗുലു ഹോസ്റ്റൽ വാർഡനായി കുടും ബസമേതം ഇവിടെ താമസിച്ച് സേവനം ചെയ്യുന്നു. റായ്ഗഡ ജില്ലയിലെ ഉൾഗ്രാമങ്ങളിൽ നിന്നുള്ള ആദിവാസി ദളിത് വിഭാഗങ്ങളിൽപ്പെട്ട 15 ആൺകുട്ടികൾ ഇപ്പോൾ ഇവിടെ പഠിക്കുന്നു. 2 മുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്നവരാണ് ഇവർ. ഈ വർഷം പുതിയതായി 5 കുട്ടികൾ ചേർന്നു. ശ്രീ ഗാംഗുലിയുടെ സഹധർമ്മിണി ശ്രീമതി. എസ്. മിനിയും ഹോസ്റ്റൽ പ്രവർത്തനങ്ങളിൽ സഹായിക്കാറുണ്ട്.

**കൃഷികാര്യങ്ങൾ**

ഗേൾസ് ഹോസ്റ്റലിന് ഏകദേശം 2 ഏക്കറോളവും ബോയ്സ് ഹോസ്റ്റലിന് 60 സെന്റ് സ്ഥലവുമുണ്ട്. അതിൽ മാവ്, നാരകം, പ്ലാവ്, കശുമാവ്, സപ്പോട്ടാ, പേര, വാഴ തുടങ്ങിയവ നട്ട് പിടിപ്പിച്ചിട്ടുണ്ട്. അവ യിൽ നിന്ന് കായ്ഫലങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ പച്ചക്ക റികളും കൃഷി ചെയ്യുന്നു. കുട്ടികൾ കൃഷി കാര്യങ്ങളിൽ തൽപരരാണ്. വൈകുന്നേരം 4.30 ന് കുട്ടികൾ ചെറിയ തോതിൽ കൃഷി ചെയ്യുന്നു. ഈ വർഷം കശുമാവിൽ നിന്നും 160 കിലോ കശുവണ്ടി ലഭിച്ചു. കൂടാതെ നമ്മുടെ ഹോസ്റ്റലിൽ ഇപ്പോൾ 3 പശുക്കളും ഒരു പശുക്കിടാവുമുണ്ട്. ഹോസ്റ്റലിലേയ്ക്ക് ആവശ്യമുള്ള പാൽ ഇവയിൽ നിന്ന് ലഭിക്കുന്നുണ്ട്.

**ക്രിസ്തുമസ് കരോൾ സർവ്വീസ്**

ഡിസംബർ 22-ാം തീയതിയിൽ ഗേൾസ് ഹോസ്റ്റലിൽ വച്ച് രണ്ടു

ഹോസ്റ്റലുകളുടെയും സംയുക്ത കരോൾ സർവ്വീസ് നടത്തപ്പെട്ടു. Rev. P.C. Mathew CSI Church, Sannakilapadhur, Bro. Sankar Paster സഞ്ചയൻ കുടുംബവും അതിഥികളായി പങ്കെടുത്തു. കരോളിനോട് ചേർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. സണ്ടേ സ്കൂൾ പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് സമ്മാന ങ്ങൾ നൽകി. രാത്രി 8.15 ന് പ്രാർത്ഥനയോടെ സമാപിച്ചു. തുടർന്ന് എല്ലാവർക്കും സ്നേഹ വിരുന്നു നൽകപ്പെട്ടു.

**മത്സരങ്ങളിലെ വിജയികൾ**

നമ്മുടെ കുട്ടികൾ പാഠ്യേതര മത്സരങ്ങളിലും സമർത്ഥരാണ്. വിവിധ മത്സരങ്ങളിലെ വിജയികൾ താഴെ പരയുന്നവരാണ്.

**<u>INTER SCHOOL COMPETITION</u>**

LIST OF ADORE HOSTELS STUDENTS WHO WON PRIZES IN SURABHI PROGRAMME

[Cluster (Block) Level Competition-2022] on 22.10.2022

1. **SONG COMPETITION**

   Girls - Junior Level - 1st Prize - Suneli Paspureddy - VII Class

   Boys - Senior Level - 1st Prize - Rinku Takri - VIII Class

   Girls - Senior Level - 2nd Prize - Hasina Ganta - X Class

2. **DEBATE COMPETITION**

   [Subject : Happy teaching is the necessity of present School Education]

   Girls - Senior Level - 1st Prize - Dharitri Bacheli - VIII Class

3. **Quiz COMPETITION**

   Girls - Junior Level - 2nd Prize - Bhawani Majli - VI Class

4. **DANCE COMPETITION**

   Girls Group - 3rd Prize [Deepti (VI), Dharitri (VIII), Anita (VII), Sangeeta (VIII), Suneli. K (VII)]

**5. HAND WRITING COMPETITION**

Girls & Boys - Junior Level - 2nd Prize - Angel Kusulia (V Class)

**6. CREATIVE WRITING COMPETITION**

Girls - Junior Level - 2nd Prize - Suneli Kilaka (VII Class)

& Boys Senior Level - 1st Prize - Rinku Takri (VIII Class)

**7. ESSAY WRITING COMPETITION**

Girls & Boys - Senior Level - 1st Prize -Sriya Mandang (VIII Class)

**8. ELOCUTION COMPETITION** [Our Country - Special Country]

Girls - Senior Level - 1st Prize - Sriya Madangi (VIII Class)

& Boys Junior Level - 3rd Prize - Bhawani Majhi (VI Class)

**DISTRICT LEVEL COMPETITION - RAYAGADA**

**SURABHI PROGRAMME 2022 [3rd November 2022]**

**SONG COMPETITION**

Girls (Juniors) - 2nd Prize - Sunel Pospweddy (VII Class)

**ഹോസ്റ്റൽ സന്ദർശിച്ചവർ**

താഴെ പറയുന്നവർ നമ്മുടെ ഹോസ്റ്റൽ സന്ദർശനം നടത്തി.

1. 8.4.2022 ൽ കേരളത്തിൽ കൊല്ലത്ത് നിന്ന് Pr. ഉമ്മച്ചൻ, ശ്രീ. ബാരക്, ശ്രീ. എഡിസണ്‍ തോമസ്.
2. 3.5.2022 ൽ റായിഗഡിൽ നിന്ന് Bro. രാമാഞ്ചുലും ഭാര്യയും ശ്രീ. സെബാസ്റ്റ്യൻ ബാബു ഭാര്യ ശ്രീമതി ജോയ്സ്.
3. 25.6.2022 ൽ ഇടുക്കിയിൽ നിന്ന് Pr. തോമസ്, മകൾ Ms. ആര്യ, Mr. ജോയ്.
4. 7.7.2022 ൽ Pr. Tites & Family.
5. ആന്ധ്രായിൽ നിന്ന് Pr. John Moody & Family.

**ആബ്ഗുഡാഗ്രാമം**

ജിമിദിപെട്ടയിൽ നിന്ന് ഏകദേശം 7 കി.മി. ദൂരെ ആന്ധ്രാ ബോർഡറിൽ സ്ഥിതി ചെയ്യുന്ന വനമേഖലയിൽപെടുന്ന ഒരു കൊച്ചു ഗ്രാമമാണ് ആബ്ഗുഡാ അഥവാ മാമിഡിഗുഡ (Mamidiguda). കൊന്ത വർഗ്ഗത്തിൽപ്പെട്ട ആദിവാസികളാണ് ഇവിടെയുള്ളത്. 5 കി.മീ വാഹനത്തിൽ പോയിട്ട് 2 കി.മീ. നടപ്പാതയിലൂടെ യാത്ര ചെയ്തിട്ടാണ് ഇവിടെ എത്തുന്നത്. 18 വീടുകളിലായി 77 പേർ താമസിക്കുന്നു. ശരിയായ റോഡില്ല. വൈദ്യുതി കണക്ഷൻ നിലവിലുണ്ട്. പക്ഷേ ആഴ്ചയിൽ ഒരിക്കൽ വൈദ്യുതി ലഭിച്ചാലായി. എല്ലാ വീടുകൾക്കും കക്കൂസുകൾ ഉണ്ടെങ്കിലും കൃഷി സംബന്ധമായ സാധനങ്ങളുടേയും മറ്റും സംഭരണത്തിനായിട്ടാണ് ഉപയോഗിക്കുന്നത്. 5000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ജലസംഭരണി സൗരോർജ്ജത്തിൽ 2021 മാർച്ച് മാസത്തിൽ ആരംഭിച്ചു.

ഈ ഗ്രാമത്തിൽ 30 പേർക്കേ സാരക്ഷരത ഉള്ളൂ. കൊച്ചു കുട്ടികളുടെ ശിക്ഷണത്തിന്റെ ഭാഗമായി ഇവിടെ കുട്ടികൾക്ക് ക്ലാസ് നൽകി വരുന്നു. പഠനോപകരണങ്ങൾ അഡോറിൽ നിന്ന് കൊടുക്കുന്നു. ഇപ്പോൾ ശ്രീമതി കുമന്തി ഉൽഉകാ എന്ന പെൺകുട്ടി ഈ ഗ്രാമത്തിലെ ശിക്ഷണവും സാക്ഷരത പ്രവർത്തനവും നടത്തിവരുന്നു. ആഴ്ചയിൽ ഒരിക്കൽ നമ്മുടെ ഒരു ടീം ഇവിടെ സന്ദർശിച്ച് ഗ്രാമ വിപുലീകരണപ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ ഗ്രാമത്തിൽ അംഗൻവാടി ആരംഭിക്കാൻ ഉള്ള നടപടിക്ക് അഡോർ പ്രവർത്തകർ നേതൃത്വം നൽകുന്നു.

**ടെലിസു ഗ്രാമം**

ജിമിദിപെട്ടയിൽ നിന്ന് 4 കി.മീ അകലെ നാലുചുറ്റും വനത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമമാണ് ടെലിസു. ഇവിടെ ഒരു അംഗൻവാടിയും, 1 മുതൽ 5 വരെ ക്ലാസ്സുകൾ നടക്കുന്ന ഒരു സ്കൂളുമുണ്ട്. സ്കൂളിൽ 2 അദ്ധ്യാപകർ ഉണ്ടെങ്കിലും ഈ സ്കൂൾ നാമമാത്രമായി പ്രവർത്തിക്കുന്നു.

20 വീട്ടുകാരുള്ള ഈ ഗ്രാമം വെള്ളത്തിന് ആശ്രയിക്കുന്നത് 3 കുഴൽ കിണറുകളെ ആണ്. വൈദ്യുതി ഈ ഗ്രാമത്തിൽ എത്തിയിട്ടുണ്ടെങ്കിലും വനമേഖലയായതിനാൽ പലപ്പോഴും ലഭിക്കാറില്ല. കൊന്ത ആദിവാസി വർഗ്ഗത്തിൽപ്പെട്ട 85 പേർ താമസിക്കുന്നു. ഇതിൽ 45 പേർ നിരക്ഷരർ ആണ്. 20 കുട്ടികൾക്ക് അഡോറിന്റെ പ്രവർത്തനത്തിൽ കൂടി പ്രത്യേക പഠനം നടത്തുന്നു. ഇവരുടെ പഠനത്തിനാവശ്യമായ നോട്ടു ബുക്കുകൾ, സ്ലെയിറ്റുകൾ, പെൻസിലുകൾ, ബ്ലാക്ക് ബോർഡ് മുതലായവ അഡോർ നൽകി സഹായിക്കുന്നു. കുട്ടികളുടെ പഠനത്തിന് നേതൃത്വം നൽകുന്നത് ശ്രീ. ബുറുസ പുലാ (Bhurusa Puala) കുമാരി നമിതാ ടാഡിംഗി (Namita Tadingi)എന്നിവരാണ്. നമ്മുടെ ടീം ഇവിടെയും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

**മെനിയാടംഗ ഗ്രാമം**

മെനിയാടംഗ ഗ്രാമം ജിമിദിപെട്ടയിൽ നിന്ന് 5 കി.മീ. വാഹനത്തിലെത്താം. ഗുരുഗുഡ വഴി ഈ ഗ്രാമത്തിലെത്താൻ 7 കി.മീ. വരും. 18 വീട് മാത്രമുള്ള ഈ ഗ്രാമത്തിന്റെ ജനസംഖ്യ 35 ആണ്. ഇതിൽ 15 പേർ നിരക്ഷരാണ്. കൊന്തവർഗ്ഗത്തിൽപ്പെട്ട ആദിവാസികളാണ് ഇവിടെയും ഉള്ളത് എങ്കിലും എല്ലാവരും ക്രിസ്ത്യാനികളാണ്. കുവി എന്ന ആദിവാസ ഭാഷയാണ് ഇവർ ഉപയോഗിക്കുന്നത്. ഒഡിയയും തെലുങ്കും ഇവർ സംസാരിക്കും.

5000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ജലസംഭരണി സൗരോർജ്ജത്തിൽ പ്രവർത്തിക്കും. 4 ടാപ്പുകൾ വഴി വെള്ളം ജനങ്ങൾക്ക് ലഭിക്കുന്നു. വീടുമായിട്ടോ കക്കൂസുമായിട്ടോ ഈ ജലസംഭരണി ബന്ധിപ്പിച്ചിട്ടില്ല. എല്ലാ വീടുകൾക്കും കക്കൂസുകൾ ഉണ്ടെങ്കിലും സെപ്റ്റിക് ടാങ്കോ വെള്ളമോ നൽകിയിട്ടില്ല. അംഗൻ വാടിയോ പ്രീ-പ്രൈമറി സ്കൂളോ ഈ ഗ്രാമത്തിലില്ല. അതിനായി മൂന്ന് കി.മീ. ദൂരത്തുള്ള ഉസുറുകപാട് ഗ്രാമത്തെ ആശ്രയിക്കുന്നു. വൈദ്യുതി ഈ ഗ്രാമത്തിൽ എത്തിയിട്ടുണ്ടെങ്കിലും പലപ്പോഴും ലഭിക്കാറില്ല.

മെനിയാടംഗ ഗ്രാമത്തിൽ കുമാരി ലളിത കുട്ടികളുടെ ശിക്ഷണവും സാക്ഷരത പ്രവർത്തനവും നടത്തി വന്നു. നമ്മുടെ ടീം ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

**മറ്റ് ചുമതലക്കാർ**

എസ്.കെ. എബ്രഹാം മെമ്മോറിയൽ ഹോസ്റ്റലിനു സമീപമുള്ള കലിംഗാ ഹൈസ്ക്കൂളിലെ അദ്ധ്യാപികയായ ശ്രീമതി ജനുമാല മന്തിരി (Jhunnubala Mantry) നമ്മുടെ ഹോസ്റ്റലിൽ താമസിക്കുകയും കുട്ടികളുടെ പഠനകാര്യങ്ങളിൽ സഹായിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ ഗ്രാമ സന്ദർശനങ്ങളിലും ശ്രീമതി ജനുമാല ചില ദിവസങ്ങളിൽ പങ്കെടുക്കുന്നുമുണ്ട്.

ശ്രീമതി ലളിത, കുമാരി എന്നിവർ ആണ് അഡോർ ഹോസ്റ്റലിലെ പാചകത്തിൽ സഹായിക്കുന്നത്. പ്രവർത്തന സഹായി ശ്രീ. ധർമ്മൻ പശുക്കളെയും കൃഷികാര്യത്തിലും അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി പ്രതിമ ഹോസ്റ്റൽ അടുക്കളയിലും സഹായിക്കുന്നു.

**റിപ്പോർട്ട് വർഷത്തിലെ സാമ്പത്തികം**

ഈ സാമ്പത്തിക വർഷത്തിലെ വരവ്-ചിലവുകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| മുൻ നീക്കിബാക്കി | - | Rs. 2308294.13 |
| വരവ് | - | Rs. 1535617.00 |
| ആകെ വരവ് | - | Rs. 3843911.13 |
| ആകെ ചെലവ് | - | Rs. 1394342.50 |
| ആകെ നീക്കി ബാക്കി | - | Rs. 2449568.63 |

തന്നാണ്ടിൽ സ്പോൺസർഷിപ്പിലൂടെയും, സംഭാവനകളിലൂടെയും 1183178 രൂപയും, കൃഷിയിൽ നിന്നുള്ള വരുമാനം 40680 രൂപയും ലഭിച്ചു.

**പ്രവർത്തന അവലോകനം**

എല്ലാ ബുധനാഴ്കളിലും രാത്രി 9 മണിക്ക് അഡോറിന്റെ പ്രവർത്ത

നങ്ങൾ ഓൺലൈനിലൂടെ അവലോകനം നടത്തുന്നുണ്ട്. ജിമിദിപെട്ട യുള്ള അഡോറിന്റെ പ്രവർത്തകരും ഓഫീസ് ഭാരവാഹികളും സജീവ മായി ഈ അവലോകന യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

ഈ റിപ്പോർട്ട് വർഷം, അഡോറിനെ ആദായ നികുതി സെക്ഷൻ 80ജി ലഭിച്ചതിനാൽ അഡോർ നൽകുന്ന സംഭാവനകൾക്ക് ആദായ നികുതികൾക്ക് ആദായ നികുതി സെക്ഷൻ 80ജി പ്രകാരമുള്ള എല്ലാ ഇളവുകളും അർഹത ലഭിക്കുന്നു. അഡോർ എന്ന സംഘത്തിന് ആദായ നികുതി സെക്ഷൻ 12എ പ്രകാരം ഇളവുകൾ യോഗ്യത വർഷങ്ങൾക്കു മുമ്പ് ലഭിച്ചുകൊണ്ടിരിക്കുന്നതാണ്.

സ്വദേശത്തും വിദേശത്തും ഉള്ള അനവധി സ്നേഹിതർ പ്രാർത്ഥ നയിൽ കൂടിയും സാമ്പത്തിക സഹകരണത്തിൽ കൂടിയും അഡോറിന്റെ സുവിശേഷപ്രവർത്തനത്തെ സഹായിക്കുന്നുണ്ട്. എല്ലാവരോടുമുള്ള അകമഴിഞ്ഞ സ്നേഹവും നന്ദിയും അറിയിക്കുന്നു. സമൂഹം അവഗണി ക്കുകയും തിരസ്കരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു പറ്റം ആദിവാസി ദളിത് സമൂഹങ്ങളിലെ കുഞ്ഞുങ്ങളെ അക്ഷരത്തിന്റെ ലോക ത്തിലേക്ക് കടത്തി കൊണ്ടുവരുവാനും അവരെ ആത്മീകമായി പരിപോഷിപ്പിക്കുവാനും അച്ചടക്കവും പൗരബോധവുമുള്ള വ്യക്തിക ളാക്കി മാറ്റി എടുക്കുവാനും ദൈവം സഹായിച്ചു കൊണ്ടിരിക്കുന്നു. അതിന് അഡോറിനോടൊപ്പം പങ്കാളികളായി തീർന്ന എല്ലാ സഹകാരി കളോടും ഒരിക്കൽകൂടി നന്ദി അറിയിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു. സർവശക്തനായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്ന്,

അഡോറിന് വേണ്ടി

**ജേക്കബ് ഈശോ**

**സെക്രട്ടറി, അഡോർ**

06.06.2023
കൊല്ലം

## AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## BALANCE SHEET AS AT 31-03-2023

| Liabilities | | Amount | Assests | | Amount |
|---|---|---|---|---|---|
| **Capital Fund** | | | Fixed assets | | 19,65,125.33 |
| As per last B/s. | 35,13,737.00 | | **Fund Investments** | | |
| Less: Excess of Expenditure over income | 2,24,700.04 | 32,89,036.96 | Fixed Deposit with banks | | 31,30,706.00 |
| | | | **Current Assets** | | |
| | | | TDS | | 1,140.00 |
| | | | Accrued Interest | | 18,750.00 |
| Specific Fund | | 22,96,924.00 | Advances | | 68,500.00 |
| Endowment Fund | | 2,75,000.00 | **Cash at Bank** | | |
| Current Liabilities | | 6,521.00 | Quilon Co-Operative Urban Bank Ltd. | 40,528.20 | |
| | | | State Bank of India-0126 | 5,08,638.86 | |
| | | | State Bank of India-5761 | 19,248.17 | |
| | | | State Bank of India-7663 | 57,499.69 | |
| | | | Pattathanam Co-op Bank 8106 | 22,912.00 | |
| | | | State Bank of India-6931 | 13,601.00 | 6,62,427.92 |
| | | | Cash in hand | | 20,832.71 |
| | | **58,67,481.96** | | | **58,67,481.96** |

*Annexure to our report of even date*

For JRS & CO

Jamu Jahamgheer FCA
Partner
Membership No:221098
Firm No: 008085S

JRS & Co. KOLLAM CHARTERED ACCOUNTANTS

# AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31-03-2023

| Expenditure | Amount (Rs.) | Incomes | Amount (Rs.) |
|---|---|---|---|
| To Audit Fee | 8,850.00 | By Donation Received | 7,99,178.00 |
| To Bank Charges | 2,035.50 | By FCRA Fund Received | 79,000.00 |
| To Food And Groceries | 5,89,384.00 | By Hostel Fee | 59,500.00 |
| To Salaries And Allowances | 3,30,000.00 | By Medical Aid | 30,000.00 |
| To Insurance Charges | 26,249.00 | By Agricultural Income | 40,680.00 |
| To Medical Expenses | 24,293.00 | By SB Interest | 21,272.00 |
| To Animal Expenses | 34,612.00 | By FD Interest | 2,08,487.00 |
| To Fuel Charges | 49,452.00 | By Excess of Expenditure Over Income | 2,24,700.04 |
| To Travel Expenses | 500.00 | | |
| To Medical Aid | 30,000.00 | | |
| To Electricity Charges | 32,275.00 | | |
| To Telephone And Internet Charges | 4,510.00 | | |
| To Repairs And Maintenance | 37,158.00 | | |
| To Literacy Programmes | 42,700.00 | | |
| To Xmas Expenses | 4,290.00 | | |
| To Printing And Stationery | 76,329.00 | | |
| To Postage Expenses | 1,181.00 | | |
| To Gas & Firewood | 17,626.00 | | |
| To Support to ex-employee's Family | 18,852.00 | | |
| To House Keeping | 18,410.00 | | |
| To Depreciation | 1,14,110.54 | | |
| | **14,62,817.04** | | **14,62,817.04** |

Annexure to our report of even date

For JRS & CO

Janu Jahamgheer FCA
Partner
Membership No:221098
Firm No: 008085S

JRS & Co. KOLLAM CHARTERED ACCOUNTANTS

# AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## RECEIPTS & PAYMENTS ACCOUNT FOR THE YEAR ENDED 31-03-2023

| Receipts | | Amount (Rs.) | Payments | | Amount (Rs) |
|---|---|---|---|---|---|
| To Opening Balances | | | By Audit Fee | 8,850.00 | |
| Cash in Hand | 17128.71 | 17128.71 | By Bank Charges | 2,035.50 | |
| **Cash at Bank** | | | By Food And Groceries | 5,89,384.00 | |
| Quilon Co Operative Urban Bank Ltd. | 80295.20 | | By Salaries And Allowances | 3,30,000.00 | |
| State Bank Of India-0126 | 717592.86 | | By Insurance Charges | 26,249.00 | |
| State Bank of India-5761 | 14832.67 | | By Medical Expenses | 24,293.00 | |
| State Bank of India-7663 | 55770.69 | | By Animal Expenses | 34,612.00 | |
| State Bank of India-6931 | 10558 | | By Fuel Charges | 49,452.00 | |
| Pattathanam Co-op Bank-8106 | 22096 | 901145.42 | By Travel Expenses | 500.00 | |
| To Donation Received | 7,99,178.00 | | By Electricity Charges | 32,275.00 | |
| To FCRA Fund | 79,000.00 | | By Telephone And Interner Charges | 4,510.00 | |
| To Hostel Fee | 59,500.00 | | By Repairs And Maintanence | 37.158.00 | |
| To Medical Aid | 30,000.00 | | By Literacy Programmes | 42,700.00 | |
| To Endovement Scholorship | 2,75,000.00 | | By Xmas Expemenses | 4,290.00 | |
| To Agricultural Income | 40,680.00 | | By Medical Aid | 30,000.00 | |
| To ISB Interest | 21,272.00 | | By Printing and Stationery | 76,329.00 | |
| To FD Interest | 2,08,487.00 | | By Postage Expenses | 1,181.00 | |
| To Live Stock Sale | 22,500.00 | 15,35,617.00 | By Gas & Fire Wood | 17,626.00 | |
| To **Fixed Deposit** | | | By Support to ex-employee's Family | 18,852.00 | |
| 30424/M | 1,00,000.00 | | By House Keeping | 18,410.00 | |
| 30690/M | 1,00,000.00 | | | | |
| 30840/M | 5,00,000.00 | | | | |
| 30929/M | 1,00,000.00 | | | | |
| 30958/M | 1,50,000.00 | | | | 13,48,706.50 |
| 31216/M | 1,00,000.00 | | By Advance Payments | | 25,000.00 |
| 31499/M | 3,00,000.00 | | By Purchase of Fixed Assets | | 2,030.00 |
| 16926/M | 11,520.00 | 13,61,520.00 | By Accured Interest | | 18,606.00 |
| Advances | | 28,500.00 | | | |

| | | | | | |
|---|---|---|---|---|---|
| | | | By Fixed Deposit | | |
| | | | 209/M | 1,00,000.00 | |
| | | | 206/M | 3,00,000.00 | |
| | | | 204/M | 5,00,000.00 | |
| | | | 208/M | 1,00,000.00 | |
| | | | 205/M | 4,11,000.00 | |
| | | | 207/M | 3,50,000.00 | |
| | | | 9564 | 2,654.00 | |
| | | | 6565 | 2,654.00 | |
| | | | **By Closing Balances** | | |
| | | | **By Cash at Bank** | | |
| | | | By Quilon Co-Operative Urban Bank Ltd. | 40,528.20 | |
| | | | State Bank of India-0126 | 5,08,638.86 | |
| | | | State Bank of India-5761 | 19,248.17 | |
| | | | State Bank of India-7663 | 57,499.69 | |
| | | | Pattathanam Co-op Bank 8106 | 22,912.00 | |
| | | | State Bank of India-6931 | 13,601.00 | |
| | | | Cash in hand | 20,832.71 | 6,83,260.63 |
| | | **3843911.13** | | | **3843911.13** |

Annexure to our report of even date

For JRS & CO

Jomu Jahangheer FCA
Partner
Membership No.221098
Firm No: 008885S

## AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## SCHEDULE OF FIXED ASSETS AS ON 31/03/2023

| Particulars | W D V as on 1/04/2022 | Rate | Additions | | Deletions | Total | Depreciation | W D V as on 31/03/2022 |
|---|---|---|---|---|---|---|---|---|
| | | | Before 30.09.2021 | After 30.09.2021 | | | | |
| Land | 6,96,926.00 | 0% | | | | 6,96,926.00 | | 6,96,926.00 |
| Tube Well | 412.10 | 10% | | | | 412.10 | 41.21 | 370.89 |
| Steel Racks | 14.87 | 10% | | | | 14.87 | 1.49 | 13.38 |
| Furniture and Fittings | 43,873.25 | 10% | 2,030.00 | | | 45,903.25 | 4,590.33 | 41,312.92 |
| Musical Instruments | 117.88 | 10% | | | | 117.88 | 11.79 | 106.09 |
| Hostel Building | 7,37,991.24 | 5% | | | | 7,37,991.24 | 36,899.56 | 7,01,091.68 |
| Cycles | 81.62 | 15% | | | | 81.62 | 12.24 | 69.38 |
| Library Books | 49.92 | 15% | | | | 49.92 | 7.49 | 42.43 |
| Mini Van Mahindra-X | 2,74,034.98 | 15% | | | | 2,74,034.98 | 41,105.25 | 2,32,929.73 |
| Livestock | 35,446.00 | 0% | | | 22,500.00 | 12,946.00 | | 12,946.00 |
| Printer | 2,167.50 | 15% | | | | 2,167.50 | 325.13 | 1,842.37 |
| Solar Lantern | 5,140.01 | 15% | | | | 5,140.01 | 771.00 | 4,369.01 |
| Watchmen Quarters | 3,03,450.50 | 10% | | | | 3,03,450.50 | 30,345.05 | 2,73,105.45 |
| **Total** | **20,99,705.87** | | **2,030.00** | | **22,500.00** | **20,79,235.87** | **1,14,110.54** | **19,65,125.33** |

J R S & Co.
CHARTERED ACCOUNTANTS

2nd Floor, Vaidya Towers
Residency Road, Chinnakada
Kollam - 691 001
Phone : 0474 - 2744530
E-mail : jayakumar@jrsca.com
jkassoc@bsnl.in
jkjrsca@gmail.com

## AUDITOR'S REPORT

We have audited the attached Balance sheet of "Agency for Development of Oppressed through Relief and Education" (ADORE), Vilayil, TKMC P.O., Kollam-691005; as on 31-03-2023 and the Income and Expenditure Account and Receipts and payment Account for the year ended on that date and report that :-

In our opinion, proper books of account have been kept by them, so far as it appears from our examination of such books, and that the Income and Expenditure Account and Balance Sheet Referred to above are in agreement with the books of account presented before us.

**For JRS & Co.**
**CHARTERED ACCOUNTANTS**

Date : 13/06/2023
Place : Kollam

JRS & Co. KOLLAM CHARTERED ACCOUNTANTS

**A. Jayakumar FCA**
**Partner**
**M. No. 025035 FR No. 0080855**

Head Office : 2nd Floor, The Monarch, P.T. Usha Road, Kochi-682011.
Phone : 0484-2373227, 2371202 Fax : 0484-4040754. E-mail : jrskochi@jrsca.com
Branches : (1) Narmada Shopping Complex, Kowdiar, Trivandrum-695003
Phone : 0471-2431300 E-mail : jrstvm@gmail.com, jrstvm@jrsca.com
(2) Shivasakti Arcad, No. 170, First Floor, CQAL Layeout, Block-B, Sahakar Nagar, Bangalore-560092

# List of Donors to Adore 2022 - 23

## I. Donation

| S.No. | Name | Amount |
|---|---|---|
| 1 | Prof. Y. Oomman, Mavelikara | 5000 |
| 2 | T.K. Vijayamma, Thiruvalla | 2000 |
| 3 | Joy P.P, Ernakulam | 20000 |
| 4 | Albin John, Mavelikara | 5000 |
| 5 | Rachel Koshy, Mavelikara | 1500 |
| 6 | Jobin. G. Thampi, Kollam | 1000 |
| 7 | Mathew Panicker. Y, Kollam | 1000 |
| 8 | John. K. George, Mavelikara | 2000 |
| 9 | Rajesh Mathew, Nedungadappally | 350 |
| 10 | Mathew Vaidyan. A, Chennai | 5000 |
| 11 | Thomas Varghese, Bangalore | 2100 |
| 12 | Rev. K.J. Samuel, Thumpaman Thazhom | 500 |
| 13 | Biji Eapen, Bangalore | 500 |
| 14. | Snsan Cherian, Bangalore | 500 |
| 15. | Oomman Philip, Kottayam | 1000 |
| 16. | Rev. Raju Anchery, Kozhancherry | 2000 |
| | **C/o** | **49450** |

| S.No. | Name | Amount |
|---|---|---|
| 17 | Dr. Anitha Mathew Maramon | 500 |
| 18 | J.K. Vijayamma, Puramattom | 2000 |
| 19 | Daniel George, Mynagappally | 1000 |
| 20 | John Cheriyan, Kollam | 5000 |
| 21 | Dr. Susan P.T, Kollam | 5000 |
| 22 | Johncy Richard, Kundara | 1000 |
| 23 | S. Raju, Pathanamthitta | 5000 |
| 24 | Jackson Sam Raju, Pathanamthitta | 1000 |
| 25 | Varghese Kuruvila, Haripad | 2000 |
| 26 | Ashams Geo Daniel, UK | 2500 |
| 27 | P. John Moody | 10000 |
| | **TOTAL** | **84450** |

## II. Special Donation

| S.No. | Name | Amount |
|---|---|---|
| 1 | V. Kuruvila, Ahemdabad | 15000 |
| 2 | Aaron Agin Chackochin, Bangalore | 2000 |
| | **TOTAL** | **17000** |

## III. Sponsership

| S.No. | Name | Amount |
|---|---|---|
| 1 | Varghese Mathai, Kolkata | 5000 |
| 2 | Abraham Koshy Maramon | 10000 |
| 3 | John Kurian, Mavelikara | 10000 |
| 4 | Ajit Thomas George, qatar | 20000 |
| 5 | Anna P Joy, Philadelphia | 15000 |
| 6 | Vinod George & Daley Vinod, Mavelikara | 10000 |
| 7 | Thomas Varghese, Henston-USA | 15000 |
| 8 | Thomas Daniel, Kollam | 5000 |
| 9 | Dr. Ratna Sukumaran, Kollam | 20000 |
| 10 | Beena Lovely Samuel, Bombay | 25000 |
| 11 | Abou J Kurian, Mavelikara | 10000 |
| 12 | Jogi John, N.J, USA | 10000 |
| 13 | Mathai Ninan, Mavelikara | 10000 |
| 14 | Mariamma K John, TX-USA | 16411 |
| 15 | Jose K John, Baharin | 10000 |
| 16 | Shibu Koshy, Abudhabi | 10000 |
| 17 | George Abraham. J, TX-USA | 10000. |
| 18 | Jacob Eason, Kollam | 12000 |
| 19 | Dr. Usha Thomas, Kollam | 10000 |
| 20 | Agin Chackacheri, Bangalore | 10000 |
| 21 | Dr. Ammu Susanna Jacob, Bangalore | 10000 |
| 22 | Dr. Anna Jacob, Kollam | 10000 |
| 23 | John Rajan. C, Chennai | 10000 |
| 24 | Annamma Joy, Gujarat | 20000 |
| 25 | John Varghese, USA | 15000 |
| 26 | K.M. Yohannan, NY-USA | 20000 |
| 27 | Koruthu Samuel, Kollam | 10000 |
| 28 | Litty Anna Itty, Bangalore | 10000 |
| 29 | Litten Varghese Itty, Mavelikara | 10000 |
| 30 | Sal Scariah Abraham, Bangalore | 20000 |
| 31 | Robin Mathew, Bangalore | 10000 |
| 32 | Jinu Mary John, Ernakulam | 10000 |
| 33 | C.M. Varghese & Gracy Varghese TX-USA | 20000 |
| 34 | Thomas Koshy TX-USA | 30000 |

| S.No. | Name | Amount |
|---|---|---|
| 35 | Liza Marie John, TX-USA | 10000 |
| 36 | Mariamma K john, TX-USA | 40000 |
| 37 | Dr. Tony Mathews & Dr. Jaqualin NY-USA | 20000 |
| 38 | Pappy Mathew, NY-USA | 20000 |
| 39 | Dr. Toby Mathews Ny-USA | 10000 |
| 40 | Mathew John, Baharin | 15317 |
| 41 | Meeva Thomas, Sharjah | 10000 |
| 42 | Aju John, Kollam | 10000 |
| 43 | V. Kuruvila, Ahemdabad | 10000 |
| 44 | Sharun Thomas & Seba A Koruthu, Germany | 10000 |
| 45. | Binu Daniel, NY USA | 10000 |
| 46. | Dr. Koshy George, Kollam | 10000 |
| | **TOTAL** | **623728** |

## IV. FCRA - Sponsership

| S.No. | Name | Amount |
|---|---|---|
| 1 | Monachan Thomas Missouri, USA | **79000** |

## V. Endovement Sponsership

| S.No. | Name | Amount |
|---|---|---|
| 1 | John Samuel & Sheeba John, Mavelikara | 75000 |
| 2 | Prasad Varghese & Rani Varghese, Eraviperoor | 100000 |
| 3 | K.I. Varghese & Elizabeth Abraham Varghese, Cochin | 100000 |
| | **TOTAL** | **275000** |

## VI. Donation - Special Food

| S.No. | Name | Amount |
|---|---|---|
| 1 | Binosh Samnel, Chathannoor | 4000 |
| 2 | Ammu Snsanna Jacob, Bangalore | 10000 |
| 3 | Chole Roselise Mathew Ny-USA | 10000 |
| 4 | Dr. Tony Mathew Ny-USA | 10000 |
| 5 | Dr. Toby Mathew Ny-USA | 10000 |
| 6 | Snsan John, USA | 5000 |
| 7 | Elza Susan Agin, Bangalore | 5000 |
| 8 | Dr. Joby Mathew, USA | 10000 |
| 9 | Mathew Thomas, Mavelikara | 10000 |
| 10. | Aaron Agin Chackacheri, Bangalore | 10000 |
| | **TOTAL** | **84000** |

## VII. Golla Guri Medical Aid

| S.No. | Name | Amount |
|---|---|---|
| 1 | A.V. Itty, Mavelikara | 5000 |
| 2 | Jogi John N J, USA | 5000 |
| 3 | Jacob Eason, Kollam | 5000 |
| 4 | K.J. John, Kollam | 2000 |
| 5 | Koruthu Samuel, Kollam | 3000 |
| | **TOTAL** | **20000** |

## Abstract

| S.No. | Name | Amount |
|---|---|---|
| 1 | Donation | 84450 |
| 2 | Special Donation | 17000 |
| 3 | Sponsership | 623728 |
| 4 | Sponsorship-FCRA | 79000 |
| 5 | Endovment Sponsership | 275000 |
| 6 | Donation - Special Food | 84000 |
| 7 | Golla Guri Medical Aid | 20000 |
| | **TOTAL** | **1183178** |

## Memorial Sponsership Endowments

| Sl. No. | Memorial Sponsorship in the name of | Endowment Amt | Instituted By |
|---|---|---|---|
| 1 | Mr Justin Joy | 100000/- | Mrs.&Mr Joy Mathew, E-25,Sapna Nagar, Gandhidham, Kutch, Gujarat - 370201 |
| 2 | Mr P T Chacko & Mrs Rosamma Chacko, Pallathu | 101675/- | Mr Jogi John NJ,USA |
| 3 | Mr T P Mathew | 100000/- | Mr Varghese Mathew, Chennai |
| 4 | Mr M O John & Mrs Baby John | 100000/- | Mr Jogi John Mangalasseril House, Rohini Gardens, Eraviperror, Thiruvalla-689542 |
| 5 | Kochayya Parambil Mr Idiculla Idiculla & Mrs Annamma Idiculla | 100000/- | Mr K.I. Varghese & Mrs Elizabeth Abraham Varghese, Kadavanthara, Cochin |

## Sponsership Endowments

| Sl. No. | In the name of | Endowment Amt | Instituted By |
|---|---|---|---|
| 1 | Edavana Thekkathil Mr. M. Samuel & Mrs. Aleyamma Samuel | Rs. 100000/- | Mr John Samuel & Mrs. Sheeba John Edavana Thekkathil Horeb Kunnom P.O., Mavelikkara, Alappuzha |
| 2 | Jikku John Mathew & Deepa George | 1,00,000/- | Jikku John Mathew & Deepa George, UAE, Dubai |
| 3 | Prasad Varghese & Rai Varghese | 1,00,000/- | Prasad Varghese & Rani Varghese Eraviperoor |

# ADORE

Agency for the Development of the Oppressed
Through Relief and Education
Reg. No. Q 181/84

Adore, Vilayil, TKMC P.O., Kollam PIN : 691005
Email:adoremission@gmail.com
Website: www.adoremission.org www.adoremission.in

For Indian Accounts: A/C no.57034230126.
SBI BISHOP JEROME NAGAR KOLLAM. IFS CODE. SBIN0070054
For Outside Indian Accounts: FCRA A/C Details.
Accout No. 00000040107456931
Nature of Account: FCRA- Savings Bank Account INR
Branch Name & Code: New Delhi Main Branch (00691)
SWIFT CODE : SBININBB104
PAN : AAATA3507A URN : AAATA3507AF20221

## SPONSORSHIP FORM

I Would like to be a sponsor of ____________________ student (s). I promise to pay Rs. 10,000.00 (Rupees Ten Thousand only) per student per year towards the sponsorship charges. I also promise to pray regularly for the Adore Mission and ministry.

| | |
|---|---|
| Name | |
| Address | Postcode : |
| Phone No : | |
| Email | |
| PAN, if any | |
| Signature & Date | |

# എങ്ങനെ പങ്കാളികളാകാം...

1. ഒരു കുട്ടിയെ സ്പോൺസർ ചെയ്യുന്നതിലൂടെ (ഒരു വർഷത്തെ സ്പോൺസർഷിപ്പ് തുകയായ് 10,000/- രൂപ ഒന്നിച്ചോ തവണകളായോ നൽകാവുന്നതാണ്.)
2. കുടുംബങ്ങളാട് ബന്ധപ്പെട്ടുള്ള വിശേഷ അവസരങ്ങളിൽ (ഉദാ: ജന്മദിന വാർഷികം, വിവാഹ വാർഷികം തുടങ്ങിയ വിശേഷ അവസരങ്ങളിൽ) ഈ കുട്ടികൾക്ക് ഒരു Special Meal Sponsor ചെയ്യാവുന്നതാണ്.
3. കുറഞ്ഞത് ഒരു ലക്ഷം രൂപ സംഭാവന നൽകി സ്പോൺസർഷിപ്പ് എൻഡോമെന്റ് എടുത്ത് പങ്കാളിയാവുക.
4. അവസരം കിട്ടുമ്പോൾ ഹോസ്റ്റൽ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ നേരിൽ കണ്ട് പ്രോത്സാഹിപ്പിക്കുകയും ചെയ്യാവുന്നതാണ്.
5. അഡോർ മിഷൻ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

**അഡോർ നൽകുന്ന സംഭാവനകൾക്ക് ആദായ നികുതി 80G പ്രകാരം ഇളവുകൾക്കും അർഹതയുള്ളതാണ്.**

**PAN : AAATA3507A** **80G URN : AAATA3507AF20221**

**AGENCY FOR DEVELOPMENT OF OPPRESSED THORUGH RELIEF AND EDUCATION (ADORE)**

Reg. No. Q 181/84 under the Travancore-Cochin Literary, Scientific and Charitable Socities Registration Act 1995

**Office :** Adore, Vilayil, TKMC P.O., Kollam PIN : 691005
Tel : +91 9446573220 Email:adoremission@gmail.com
Website: www.adoremission.org www.adoremission.in

**Field Address**: ADORE Hostel, Jimidipeta PO, Rayagada, Odhisa PIN 765002 +91 9908449640

| | | |
|---|---|---|
| President | : | **Prof. A.V. Itty**<br>Adiyanil, Kottarkavu, Mavelikara - 690 101<br>Ph : 0479 - 2300 750<br>+919495017850<br>Email : avitty@gmail.com |
| Secretary | : | **Sri. Jacob Easow**<br>Valiparampil, TKM College PO,<br>Kollam-691005<br>Tel. +91 9446573220,<br>+91 8606473220<br>Email : jacobeasaw@gmail.com |
| Treasurer | : | **Mr. Koruthu Samuel**<br>Mullasery Bhavan, Kavanad,<br>Vallikeezhu Nagar, Kollam 691003<br>Ph : +918281472773, +917012475106<br>Email : koruthusamuel67@gmail.com |
| Executive Committee Members | : | **Dr. Koshy George,**<br>**Sri. K J John**<br>**Smt. Jainamma Abraham**<br>**Sri. P O Sunny** |

For Private Circulation only
Published by **Shri. Jacob Easow** for **Adore**